## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *330 | 24.02.2016- ലെ മറുപടിക്ക്

# 2016-17 വർഷത്തെ വാർഷിക പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതൊക്കെ മേഖലകൾക്കാണെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17 വാർഷിക പദ്ധതിയിലെ മുൻഗണനാ മേഖലകൾ താഴെ പറയുന്നവയാണ്.<br>വിള സംരക്ഷണം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വലുതും ഇടത്തരവുമായ ജലസേചനം, ചെറുകിട ജലസേചനം, ഊർജ്ജ വികസനം, ഇടത്തരവും വലുതു- മായ വ്യവസായം, റോഡുകളും പാലങ്ങളും, വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും, വനവും വന്യ ജീവിയും, വിദ്യാഭ്യാസം, തൊഴിലും തൊഴിലാളി ക്ഷേമവും, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, സാമൂഹ്യ നീതി, വൈദ്യ ശുശ്രൂഷയും പൊതു ജനാരോഗ്യവും, ശുദ്ധജല വിതരണവും ശുചിത്വവും, നഗര വികസനം. |
| (ബി) തദ്ദേശ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക നിർദ്ദിഷ്ട പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏതെങ്കിലും മുൻകൂർ നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നതിന് ഉതകുന്ന വിധത്തിലാണ് 2016-17 വർഷത്തെ പുതുക്കിയ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാർഗ്ഗരേഖ (സ.ഉ.(എം.എസ്)നമ്പർ 4/2016/തസ്വഭവ തീയതി 04/01/2016)യിൽ പദ്ധതി തുക ചെലവഴിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.(www.lsgkerala.gov.in) |
| (സി) പദ്ധതി പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇതിനായി 2016-17 വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് സഹായകമായി 2016-17-ൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതും വേഗത്തിൽനടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികളെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ